16

# സഭയിൽ പ്രവേശിക്കാൽ

ചില വസ്തുക്കൾ ചിലവേറിയതാണെങ്കിലും വാസ്തവത്തിൽ വിലമതിക്കുന്നതല്ല - നല്ല വസ്ത്രങ്ങൾ പോലെയുള്ളത്; ചില വസ്തുക്കൾ ചിലവ് കുറഞ്ഞതെങ്കിലും വിലയുള്ളതാണ് - ഉദാഹരണമായി സൂര്യപ്രകാശവും മഴയും; വേറെയും ചില വസ്തുക്കൾ വളരെ ചിലവുള്ളതും വിലമതിക്കുന്നതുമാണ് - ഇതിൽ പെടുന്നതാണ് ക്രിസ്തുവിന്റെ സഭ.

സഭയുടെ വിലമതിപ്പിനെപ്പറ്റി പുതിയ നിയമം സംശയത്തിന് ഇടനല്കുന്നില്ല. അതിന്റെ വില മൂന്നു വിധത്തിൽ നല്കപ്പെട്ടിരിക്കുന്നു: ഒന്ന്, അതിന്റെ *ദൈവീകമായ ആരംഭത്തിൽ* വില നാം കാണുന്നു. സ്വർഗ്ഗത്തിലെ നിത്യമായ ആലോചനയിൽ പദ്ധതി ഉദ്ദേശിച്ച് നടപ്പാക്കിയതായിരുന്നു (എഫെസ്യർ 3:10, 11), യേശുക്രിസ്തുവിന്റെ ഭൗമിക ശുശ്രൂഷ മുഖാന്തരം ഒരുക്കിയിരുന്നു (മത്തായി 4:17). അതൊരു ദൈവീകമായ മുൻചിന്തയായിരുന്നു, അല്ലാതെ തെറ്റുപറ്റിയിട്ട് രണ്ടാമതുള്ള ചിന്തയായിരുന്നില്ല. രണ്ട്, *അതിന്റെ വിലയേറിയ മൂല്യത്തെ* നാം കാണുന്നു. ക്രിസ്തുവിന്റെ രക്തത്താൽ അത് സമ്പാദിച്ചിരിക്കുന്നു എന്നു പൗലോസ് നമ്മോട് വ്യക്തമാക്കി (പ്രവൃത്തികൾ 20:28). ക്രിസ്തുവിന്റെ മരണത്തിന്റെ അന്തിമ ലക്ഷ്യം സഭ നിലവിലാക്കുക എന്നുള്ളതായിരുന്നു. വാങ്ങുന്ന വില മതിപ്പു സൂചിപ്പിക്കുന്നുവെങ്കിൽ, പിന്നെ സഭ, ക്രിസ്തുവിന്റെ രക്തത്താൽ സമ്പാദിച്ചതുകൊണ്ട്, തീർച്ചയായും ഭൂമയിലുള്ള സകല വസ്തുക്കളെകാളും വിലയുള്ളതാണ്. മൂന്ന്, അതിന്മേൽ വെച്ചിരിക്കുന്ന വലിയ മൂല്യത്തിൽ നാം മതിപ്പുകാണുന്നു. മറ്റെന്തിനെക്കാളും സ്വർഗ്ഗരാജ്യത്തെ അന്വേഷിക്കുവാൻ ക്രിസ്തു ആവശ്യപ്പെട്ടിരിക്കുന്നു. അവൻ പറഞ്ഞു, "പിന്നെയും, സ്വർഗ്ഗരാജ്യം

നല്ല മുത്തു അന്വേഷിക്കുന്ന ഒരു വ്യാപാരിയോട് സദൃശം അവൻ വിലയേറിയ ഒരു മുത്തു കണ്ടെത്തിയാറെ, ചെന്ന് തനിക്കുള്ള തൊക്കെയും വിറ്റു അതുവാങ്ങി" (മത്തായി 13:45, 46). സഭയെ അവൻ വിലയേറിയ ഒരു മുത്തിനോട് സദൃശ്യപ്പെടുത്തുക മാത്ര മല്ല, മറ്റെല്ലാ മുത്തുകളെക്കാളും വിലയേറിയതിനോടാണ് സാമ്യ പ്പെടുത്തിയത്!

സഭയുടെ ഈ പരമോന്നത മൂല്യം പറയുന്നത് പുതിയ നിയ മസഭയെ അവഗണിക്കുന്നത് എല്ലാതെറ്റുകളെക്കാളും വലുതായി രിക്കും എന്നാണ്. ഒരു കോടീശ്വരൻ അനാഥനാകുന്നതു പോലെയാണ് അയാൾ കർത്താവിന്റെ സഭയിൽ പ്രവേശിക്കാതി രിക്കുന്നത്. സഭക്കു പുറത്തുള്ള ഏറ്റവും വലിയ മനുഷ്യൻ ഏറ്റവും താഴ്ന്നവനായി തീരുന്നു.

തെറ്റില്ലാത്ത സഭയുടെ മൂല്യത്തിന്റെ വെളിച്ചത്തിൽ, കാരണം വ്യക്തമാക്കുമ്പോൾ നാം ആത്മാർത്ഥതയോടെ ചോദിക്കേണ്ടത്, "സഭയിൽ എങ്ങനെ പ്രവേശിക്കാം?" എന്നാണ്. ഒരു പക്ഷെ ഇതി നെക്കാൾ വലിയ ചോദ്യം മറ്റൊന്നുണ്ടാവുകയില്ല. ഈ ചോദ്യ ത്തിന് പുതിയ നിയമത്തിൽ ഉത്തരം കണ്ടെത്തുവാൻ നമുക്ക് ശ്രമിക്കാം.

## പ്രഖ്യാപിച്ച ഉത്തരം

അവന്റെ ഭൗമിക ശുശ്രൂഷക്കു ശേഷം സ്വർഗ്ഗത്തിലേക്ക് മട ങ്ങിപോയപ്പോൾ അവന്റെ ശിഷ്യന്മാർ ചെയ്യേണ്ടതിനെക്കുറിച്ച് ക്രിസ്തുവിന് തീർച്ചയുണ്ടായിരുന്നു. പുതിയ നിയമത്തിൽ അവന്റെ ആജ്ഞയുടെ മൂന്നു പൂർണ്ണവിവരണങ്ങൾ രേഖപ്പെടു ത്തിയിട്ടുണ്ട് (മത്തായി 28:18-20; മർക്കൊസ് 16:15, 16; ലൂക്കൊസ് 24:46, 47). ഈ വിവരണങ്ങളുടെ പ്രാധാന്യത്തെ വിലകുറച്ചു കാണാവുന്നതല്ല. അവ തന്റെ ശിഷ്യന്മാർക്ക് ക്രിസ്തീയ കാല ത്തേക്ക് മുഴുവനും വേണ്ടതായ ക്രിസ്തുവിന്റെ സഹായങ്ങൾ ഉൾപ്പെടുന്നവയാണ്.

ആദ്യം ക്രിസ്തു സർവ്വ ലോകത്തിനുമായുള്ള ദൗത്യം തന്റെ ശിഷ്യന്മാർക്കു കൊടുത്തുകൊണ്ട്, പറഞ്ഞു, "ലോകമെങ്ങും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിപ്പിൻ" (മർക്കൊസ് 16:15). രണ്ടാമത്, സുവിശേഷം പ്രസംഗിക്കുമ്പോൾ നല്കേണ്ടതായ രക്ഷയുടെ പ്രത്യേക നിബന്ധനകളും കൊടു ത്തിരുന്നു. എന്തു ചെയ്യണമെന്ന് തന്റെ ശിഷ്യന്മാരോട് അവൻ പറഞ്ഞു - "പോയി," എന്തുപറയണമെന്നും അവരോട് പറഞ്ഞി

രുന്നു - "സുവിശേഷം പ്രസംഗിപ്പിൻ." "പോയി" എന്നതും "സുവിശേഷം," എന്നതും അവരുടെ ഭാവി പ്രവൃത്തിയെ അവൻ ചുരുക്കി കൊടുത്തതാണ്.

ഒരിക്കൽ, മർക്കൊസ് പറഞ്ഞതനുസരിച്ച്, ക്രിസ്തു ആജ്ഞകൊടുക്കുകയും വിശ്വാസ വ്യവസ്ഥ ഊന്നി പറയുകയും ചെയ്തു. അവൻ പറഞ്ഞു, "പിന്നെ അവൻ അവരോട്, നിങ്ങൾ ഭൂലോകത്തിലൊക്കെയും പോയി സകല സൃഷ്ടിയോടും സുവി ശേഷം പ്രസംഗിപ്പിൻ. വിശ്വസിക്കുകയും സ്നാനമേല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷാവിധി യിൽ അകപ്പെടും" (മർക്കൊസ് 16:15, 16). ഈ രേഖപ്പെടുത്തിയ ആജ്ഞയിൽ സ്നാനത്തിന്റെ വ്യവസ്ഥയും വ്യക്തമായി പറഞ്ഞി ട്ടുണ്ട്, എന്നാൽ ഊന്നൽ വിശ്വാസത്തിന്മേൽ ആണെന്നു തോന്നുന്നു.

ലൂക്കൊസ് പറഞ്ഞതനുസരിച്ച്, മറ്റൊരു സമയത്ത് ക്രിസ്തു നല്കിയ ആജ്ഞയിൽ മാനസാന്തരത്തിന് ഊന്നൽ കൊടുത്തിരി ക്കുന്നു. അവൻ പറഞ്ഞു, "ക്രിസ്തു കഷ്ടം അനുഭവിക്കുകയും മൂന്നാം നാൾ മരിച്ചവരിൽ നിന്ന് ഉയർത്തെഴുന്നേൽക്കുകയും, അവന്റെ നാമത്തിൽ മാനസാന്തരവും പാപമോചനവും യെരുശ ലേമിൽ തുടങ്ങി സകല ജാതികളിലും പ്രസംഗിക്കുകയും വേണം എന്നിങ്ങനെ എഴുതിയിരിക്കുന്നു" (ലൂക്കൊസ് 24:46, 47). മാനസാ ന്തരം, പാപത്തിൽ നിന്ന് ദൈവത്തിലേക്കുള്ള തിരിയലായി ക്രിസ്തീയയുഗത്തിലെ സുവിശേഷ പ്രസംഗത്തിൽ മുഖ്യആശയ മായി കാണാം.

ഗലീലയിലെ ഒരു മലയിൽ വെച്ച് ക്രിസ്തു ആജ്ഞനല്കു ന്നതായി കാണാം മത്തായി വെളിപ്പെടുത്തുന്നത്, അവിടെ അവൻ സ്നാനത്തെ ഊന്നിപ്പറയുന്നു. അവൻ പറഞ്ഞു, "യേശു അടുത്തു ചെന്നു, സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാ രവും എനിക്കു നല്കപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറ പ്പെട്ടു പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോട് കല്പിച്ചത് ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ടു സകല ജാതികളെയും ശിഷ്യരാക്കികൊൾവിൻ; ഞാനോ ലോകാവസാ നത്തോളം എല്ലാനാളും നിങ്ങളോട് കൂടെ ഉണ്ട് എന്നു അരുളി ചെയ്തു" (മത്തായി 28:18-20).

വ്യക്തമായും, പിന്നെ, രക്ഷക്കുള്ള മൂന്നു വ്യവസ്ഥകൾ

നല്കിയിരിക്കുന്നത്, വിശ്വാസം, മാനസാന്തരം സ്നാനം എന്നിവ യാണ്, അത് നമ്മുടെ രക്ഷകൻ ഓരോന്നും മൂന്നു മഹത്തായ ആജ്ഞകളിലും ഊന്നൽ കൊടുത്തിട്ടും ഉണ്ട്.

ഈ മൂന്നുവ്യവസ്ഥകളും വളരെ എളുപ്പത്തിൽ അനുസരി ക്കാവുന്നതാണ്. ഈ വ്യവസ്ഥകളെ സമ്മതിക്കാതെ യേശുവിന്റെ ആജ്ഞയെ ആർക്കും ഗൗരവമായി എടുക്കാൻ കഴിയുകയില്ല, കർത്താവിന്റെ പദ്ധതിയിൽ അവയുടെ പ്രാധാന്യവും തിരിച്ചറിയ ണം. കർത്താവിന്റെ രാജ്യം അല്ലെങ്കിൽ സഭയിലേക്ക് പ്രവേശിക്കു വാനുള്ള നിബന്ധനകളാണ് അവ. അവ ക്രിസ്തീയ കാലം മുഴുവനും ബാധകമായവയാണ്.

## വിപുലീകരിച്ച ഉത്തരം

രക്ഷക്കു വേണ്ടി നിബന്ധനകൾ തെറ്റില്ലാതെ പുതിയ നിയമ ത്തിൽ നൽകുക മാത്രമല്ല, അവ വ്യക്തമായി, അപ്പൊസ്തല പ്രവൃ ത്തികളിൽ ചിത്രീകരിക്കയും ചെയ്തിട്ടുണ്ട്.

ഉദാഹരണമായി, പുസ്തകം തുടങ്ങുന്നതു തന്നെ ആവേശക രമായ സഭയുടെ സ്ഥാപനത്തോടു കൂടെയാണ്. പ്രവൃത്തി 2-ൽ പത്രൊസിന്റെ പ്രസംഗം കേട്ട പുരുഷാരം നിലവിളിച്ചു പറഞ്ഞു, “ഞങ്ങൾ എന്തു ചെയ്യേണ്ടു?” യേശുവിലുള്ള വിശ്വാസമാണ് അവ രെക്കൊണ്ട് അങ്ങനെ പറയിച്ചത്. പത്രൊസ് അവരോട് മാനസാ ന്തരപ്പെട്ട് പാപങ്ങളുടെ മോചനത്തിനായി സ്നാനമേൽക്കുവാൻ കൽപിച്ചു (പ്രവൃത്തികൾ 2:38). അന്നു മൂവായിരം പേർ സ്നാന മേറ്റു (പ്രവൃത്തികൾ 2:41). തുടർന്നു, പ്രവൃത്തി 2:47 പറയുന്നു, “കർത്താവു രക്ഷിക്കപ്പെടുന്നവരെ ദിനമ്പ്രതി സഭയോട് ചേർത്തു കൊണ്ടിരുന്നു.” അവരുടെ സംഖ്യയോട് ചേർത്തു എന്നതു സഭയോട് ചേർത്തു എന്നു സൂചിപ്പിക്കുന്നു (പ്ര വൃത്തികൾ 5:11). നമ്മുടെ കർത്താവ്, അവന്റെ അവസാന ആജ്ഞയിൽ, നിബന്ധനയിന്മേൽ രക്ഷ പ്രഖ്യാപിക്കണം എന്നാ യിരുന്നു. പെന്തെകൊസ്തു നാളിൽ സഭയിൽ പ്രവേശിച്ച ആളു കൾ ഈ മൂന്നു നിബന്ധനകളും അനുസരിച്ചു.

മറ്റൊരു ഉദാഹരണം പ്രവൃത്തികൾ 8-ൽ കാണാം. പ്രവൃത്തികൾ 8 ന്റെ അവസാനഭാഗമാണ്, ഫിലിപ്പൊസിനോട് തെക്കോട്ട് സുവിശേഷം പ്രസംഗിക്കാൻ പറഞ്ഞു (പ്രവൃത്തികൾ 8:26). ഇടക്കു വെച്ച്, ഫിലിപ്പൊസ് തേരിൽ യാത്ര ചെയ്തു വരുന്ന ഐത്യോപ്യനായ ഷണ്ഢനെ കണ്ടു (പ്രവൃത്തികൾ 8:27, 28).

ഈ മനുഷ്യൻ വളരെ ഭക്തിയുള്ളവനായിരുന്നു, എന്നാൽ അവൻ ക്രിസ്ത്യാനി ആയിരുന്നില്ല. പരിശുദ്ധാത്മാവ് ഫിലിപ്പൊസിനോട് ഐത്യോപ്യന്റെ തേരിനോട് ചേർന്ന് നടക്ക എന്നു പറഞ്ഞു (പ്രവൃത്തികൾ 8:29). അവൻ ഐത്യോപ്യന്റെ അടുക്കൽ ഓടിയെത്തിയപ്പോൾ, അവൻ യെശയ്യാ പ്രവാചകന്റെ പുസ്തകം വായിക്കുകയായിരുന്നെങ്കിലും അവൻ വായിച്ചതു അവനു മനസ്സിലായിരുന്നില്ല (പ്രവൃത്തികൾ 8:31). ഷണ്ഡൻ വായിച്ചു കൊണ്ടിരുന്ന വേദഭാഗത്തിൽ നിന്നും ഫിലിപ്പൊസ് അവന്നു ക്രിസ്തുവിനെക്കുറിച്ചുള്ള സംഭവങ്ങൾ തുറന്നു കാട്ടി (പ്രവൃത്തികൾ 8:35), ക്രിസ്തു ലോകത്തിലേക്കു വന്നതും, നമ്മുടെ പാപങ്ങൾക്കു വേണ്ടി മരിച്ചതും എല്ലാം, സംശയരഹിതമെന്നു, പറഞ്ഞിരിക്കുന്നു.

അവർ യേശുവിനെക്കുറിച്ച് ചർച്ച ചെയ്ത്, യാത്ര ചെയ്തു കൊണ്ടിരുന്നപ്പോൾ, വെള്ളമുള്ളോരു സ്ഥലത്തെത്തി. ഐത്യോപ്യൻ ചോദിച്ചു, “എനിക്കു സ്നാനം ഏൽക്കാമോ?” ഐത്യോപ്യൻ വിശ്വസിച്ചതുകൊണ്ട്, അവനു സ്നാനമേൽക്കണമെന്ന് തോന്നിയതു ശരിയായിരുന്നു.[2] അവർ തേർ നിർത്തി വെള്ളത്തിൽ ഇറങ്ങി, ഫിലിപ്പൊസ് ഐത്യോപ്യനെ സ്നാനപ്പെടുത്തി (പ്രവൃത്തികൾ 8:38). അവന്റെ സ്നാനശേഷം ഐത്യോപ്യൻ സന്തോഷത്തോടെ തന്റെ വഴിക്കു പോയി.

ഒരിക്കൽ കൂടെ, തന്റെ ആജ്ഞയിൽ രക്ഷക്കു കർത്താവു കൽപിച്ചതായ നിബന്ധനകൾ നിറവേറ്റി. ക്രിസ്തുവിലുള്ള വിശ്വാസം ഫിലിപ്പൊസിന്റെ പ്രസംഗശേഷം യഥാർത്ഥ്യമായി (പ്രവൃത്തികൾ 8:35, 36). ഐത്യോപ്യൻ മതപരമായി ആത്മാർത്ഥതയോടെ ദൈവേഷ്ടം ചെയ്യുവാൻ ആഗ്രഹിച്ചു. ഫിലിപ്പൊസ് അവന്നു നൽകിയ സുവിശേഷം അവൻ കൈക്കൊണ്ടതിനാൽ അവൻ മാനസാന്തരപ്പെട്ടു, എന്നു തെളിയുന്നു. പ്രവൃത്തികളുടെ പുസ്തകത്തിൽ മറ്റു ഭാഗങ്ങളേക്കാൾ സ്നാനം ഈ വേദഭാഗത്ത് വളരെ വ്യക്തമാക്കിയിരിക്കുന്നു. ഫിലിപ്പൊസും ഷണ്ഡനും രണ്ടു പേരും വെള്ളത്തിൽ ഇറങ്ങുകയും, ഫിലിപ്പൊസ് ഷണ്ഡനെ സ്നാനപ്പെടുത്തുകയും ചെയ്തു. (ഈ പുസ്തകത്തിലെ “പ്രവൃത്തികളുടെ പുസ്തകത്തിലെ പരിവർത്തന ഉദാഹരണങ്ങൾ” ഈ അദ്ധ്യായത്തിലെ അവസാനം നോക്കുക.)

സ്നേഹിതനെപോലെ വ്യക്തിപരമായി നിങ്ങൾക്ക് അറിയാവുന്ന ഒരു രാജാവിന്റെ രാജ്യത്തിലാണ് നിങ്ങൾ ജീവിക്കുന്നതെന്ന് സങ്കൽപിക്കുക. ഒരു ദിവസം, രാജാവിനോട് സംഭാഷണം നട

ത്തുമ്പോൾ, നിങ്ങൾ ഇനി മടങ്ങി വന്ന് എന്നെ കണ്ടാൽ, നിങ്ങ ളുടെ നികുതി ഇളച്ചു തരാമെന്ന് പറഞ്ഞു എന്നു വിചാരിക്കുക. ഈ വാർത്ത നിങ്ങൾക്കു സന്തോഷമായി. വീട്ടിൽ പോയി ഒരു മാസം കഴിഞ്ഞ് മടങ്ങി വന്നു രാജനെ കാണാൻ ഒരുങ്ങി. അങ്ങ നെ, നിങ്ങൾ, രാജാവിനെ കാണുവാൻ മടങ്ങി ചെന്നു. നിങ്ങൾ രാജധാനിയിൽ, നിങ്ങളോട് പറയുന്നു, രാജാവ് മറ്റൊരു രാജ്യ ത്തേക്കു യാത്രപോയിരിക്കയാണ്. നിങ്ങൾ ചെന്നു വാതിൽ കാവൽക്കാരനോട്, "രാജാവ് പറഞ്ഞ നികുതി ഇളവിന്റെ കാര്യം ബോധ്യപ്പെടുത്തുക." വാതിൽ കാവൽക്കാരൻ, "രാജാവ് നിങ്ങൾക്ക് പ്രത്യേക ഏർപ്പാട് ചെയ്തിട്ടുണ്ട്." പന്ത്രണ്ട് ഉദ്യോഗ സ്ഥരുള്ള ഒരു മുറിയിലേക്ക് അയാൾ നിങ്ങളെ കൊണ്ടു പോകു ന്നു. നിങ്ങൾ നിങ്ങളുടെ കഥ അവരോട് പറയുന്നു. പ്രതികരണ മായി, അവർ പറയുന്നു, "രാജാവ് ഇവിടെ ഉണ്ടായിരുന്നപ്പോൾ, അദ്ദേഹത്തിന് ഒരു വാക്ക് കൊണ്ട് നികുതി ഇളച്ചു കൊടുപ്പാൻ അധികാരം ഉണ്ടായിരുന്നു, പക്ഷെ രാജാവ് ഇപ്പോൾ ഇവിടെ ഇല്ല. നികുതി ഇളച്ചു കൊടുപ്പാൻ ചില നിബന്ധനകൾ വിട്ടിട്ടാണ് പോയത്. നിങ്ങൾ ആദ്യം വീട്ടിലേക്കു മടങ്ങി പോകണം; രണ്ട്, നിങ്ങളുടെ കഥ ഞങ്ങൾക്ക് എഴുതിത്തരിക; മൂന്ന്, നിങ്ങളുടെ വീട്ടിലുള്ള എല്ലാ അംഗങ്ങളുടെയും പേരു വിവരങ്ങൾ എഴുതുക; നാലാമത്, മൂന്നു സാക്ഷികളുടെ മുമ്പാകെ നിങ്ങൾ അതിൽ ഒപ്പി ടുക. ഈ വ്യവസ്ഥകളെല്ലാം നിങ്ങൾ പാലിച്ചാൽ, നിങ്ങളുടെ നികുതി ഇളച്ചു തരും."

ക്രിസ്തു വാസ്തവത്തിൽ ചെയ്തതുമായി ഈ കഥയെ താര തമ്യം ചെയ്യുക. അവൻ ഇവിടെ ഉണ്ടായിരുന്നപ്പോൾ, അവന് ഒരു വാക്ക് കൊണ്ട് പാപങ്ങൾ മോചിച്ചു കൊടുപ്പാൻ കഴിയുമായിരു ന്നു. ഉദാഹരണമായി, ക്രൂശിലെ കള്ളനോട് അവൻ ക്ഷമിച്ചു (ലൂക്കൊസ് 23:43). എങ്ങനെയായാലും, യേശു ഭൂമിയിൽ നിന്ന് സ്വർഗ്ഗത്തിലേക്കു പോകുന്നതിനു മുൻപ്, ക്രിസ്തീയ കാലത്തു ള്ള ആളുകൾ രക്ഷപ്രാപിക്കുന്നതിനുള്ള നിബന്ധനകൾ പറഞ്ഞി രുന്നു. പുറമെ, ലോകാവ സാനം വരെ അവന്റെ ആജ്ഞ പ്രാബ ല്യത്തിലായിരിക്കും എന്നാണ് (മത്തായി 28:20) ഇപ്പോൾ രാജാവ് പോയി, അവന്റെ പാപമോചന നിബന്ധനകൾ പ്രാബല്യത്തിലാ യിരിക്കുന്നു.

## ഉത്തരം പ്രായോഗികമാക്കി

സഭയിൽ പ്രവേശിക്കുന്നതിനുള്ള ഉപാധികൾ എല്ലാം നാം ഓരോരുത്തരും പ്രയോജനപ്പെടുത്തണം. യേശുവിന്റെ അവസാന ആജ്ഞക്കു മാറ്റം സംഭവിച്ചിട്ടില്ല. അതു നൽകിയതുപോലെ തന്നെ ഇന്നു തുടരുന്നു. പത്രൊസിന്റെ ആദ്യ പ്രസംഗം കേട്ട് രക്ഷക്കുള്ള ഉപാധികൾ ചെയ്തതു തന്നെയാണ് ഇന്നും നമുക്കുള്ളത്. സഭയിൽ പ്രവേശിക്കുന്നതിനുള്ള നിബന്ധനകൾ ക്രിസ്തുവാണ് വെച്ചിരിക്കുന്നത്. സഭയിലേക്കു ചേർക്കുന്നതു കർത്താവാണ് മനുഷ്യരുടെ തർക്കങ്ങൾക്കോ ക്രിസ്തുവിന്റെ അവസാനത്തെ ഉടമ്പടി മാറ്റുവാൻ സാദ്ധ്യമല്ല. രാജാവ് പോയി, പക്ഷെ അവൻ വെച്ച നിബന്ധനകൾ ക്രിസ്തീയ കാലത്തുള്ളവരെല്ലാം പഠിക്കണം.

അവന്റെ സഭയിലേക്കു പ്രവേശനത്തിനുള്ള നിബന്ധനകളുടെ കാര്യത്തിൽ നിങ്ങൾ എവിടെ നിൽക്കുന്നു? നിങ്ങൾ വിശ്വസിക്കുന്നുവോ? വിശ്വാസത്തിന്റെ ഉറവിടം ദൈവവചനം ആണ് (റോമർ 10:17). മനുഷ്യന്റെ ജ്ഞാനം, പാണ്ഡിത്യം, അല്ലെങ്കിൽ നേട്ടം എന്നിവക്കൊന്നും വിശ്വാസം ഉൽപ്പാദിപ്പിക്കാൻ സാദ്ധ്യമല്ല. നിങ്ങൾ ദൈവത്തിൽ വിശ്വസിക്കുന്നുവോ? ക്രിസ്തു അവന്റെ പുത്രനാണെന്നും അവൻ മനുഷ്യരുടെ രക്ഷകനാണെന്നും നിങ്ങൾ വിശ്വസിക്കുന്നുവോ?

നിങ്ങൾ നിങ്ങളുടെ പാപത്തിൽ നിന്നു മാനസാന്തരപ്പെട്ടോ (പ്രവൃത്തികൾ 17:30, 31)? പാപത്തെ ഉപേക്ഷിച്ചു നിങ്ങൾ ജീവനുള്ള ദൈവത്തിലേക്കു തിരിഞ്ഞിട്ടുണ്ടോ? അതെന്തായാലും എവിടേക്കു നയിച്ചാലും ദൈവേഷ്ടത്തിനു നിങ്ങളെത്തന്നെ സമർപ്പിച്ചിട്ടുണ്ടോ?

കർത്താവും ദൈവപുത്രനുമാണ് യേശു ക്രിസ്തു എന്ന വിശ്വാസം നിങ്ങൾ പരസ്യമായി ഏറ്റു പറഞ്ഞിട്ടുണ്ടോ (റോമർ 10:10)? യേശു രക്ഷിതാവും കർത്താവും ആണെന്ന് നിങ്ങൾ അധരം കൊണ്ട് ഏറ്റു പറഞ്ഞോ?

നിങ്ങൾ സ്നാനം ഏറ്റോ? മഹത്തായ ആജ്ഞയിൽ ഉള്ള സ്നാനം മുങ്ങൽ ആണ് (റോമർ 6:4), ക്രിസ്തുവിനോടു ചേരുവാനാണ് (റോമർ 6:3, ഗലാത്യർ 3:27), പാപങ്ങളുടെ മോചനത്തിനാണ് (പ്രവൃത്തികൾ 2:38; 22:16). പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും നാമത്തിലാണ് സ്നാനമേൽക്കേണ്ടത് (മത്തായി 28:19, 20). പുതിയ നിയമ മാതൃകയനുസരിച്ചാണോ നിങ്ങൾ സ്നാനം ഏറ്റത്?

ഇന്ന് ഒരാൾ യേശു തന്റെ അവസാന ആജ്ഞയിൽ പറഞ്ഞ നിബന്ധനകൾ അനുസരിക്കുമ്പോൾ, നമ്മുടെ വിശ്വസ്തനായ കർത്താവും രക്ഷിതാവും അവന്റെ രാജ്യത്തോട് അല്ലെങ്കിൽ സഭയോട് ചേർക്കും എന്നു വിശ്വസിക്കുന്നതു ന്യായമല്ലേ? കർത്താവിന്റെ നിബന്ധനകൾ വിവരിക്കുവാൻ ആർക്കും കഴിയുകയില്ല. അവയ്ക്കു പകരം നൽകുവാനോ അതിനു മാറ്റം വരുത്തുവാനോ ആർക്കും സാദ്ധ്യമല്ല. ക്രിസ്തുവിനോടുള്ള അർപ്പണം അനുസരണമില്ലാതെ മറ്റൊന്നുമില്ല.

## ഉപസംഹാരം

നിങ്ങൾ പുതിയ നിയമ സഭയിൽ പ്രവേശിച്ചിട്ടുണ്ടോ? ഇന്നു നിങ്ങൾ അതിൽ പ്രവേശിക്കാൻ താൽപര്യപ്പെടുന്നുവോ?

തീർച്ചയായും മഹത്തായതും ഏറ്റവും ഉയർന്നതുമായ വാർത്ത പുതിയ നിയമത്തിൽ വായിക്കുന്ന സഭയിൽ കർത്താവിന്റെ നിബന്ധനകളെ ആത്മാർത്ഥമായി അനുസരിക്കുവാൻ കഴിയുന്നവർക്കു പ്രവേശിക്കാൻ കഴിയും. എല്ലാ ദേശക്കാർക്കും, ഏതു വർഗ്ഗക്കാർക്കും, എല്ലാവർക്കും അവന്റെ രാജ്യത്തിൽ പ്രവേശിക്കുവാനും ക്രിസ്തുവിൽ ഒന്നായിതീരുവാനും കഴിയും (എഫെസ്യർ 2:14).

ആരംഭമിടുവാൻ ജ്ഞാനം നമ്മെ ഉത്സാഹിപ്പിക്കുന്നു, അടിസ്ഥാനം സത്യമാണെന്ന് അതു ഉറപ്പാക്കുന്നു. രക്ഷക്കായി കർത്താവ് വെച്ചിട്ടുള്ള നിബന്ധനകൾ നിങ്ങൾ അനുസരിച്ചിട്ടില്ലെങ്കിൽ, അതു മുഴുവനും ഉടനെ നിറവേറ്റുക. അവന്റെ രാജ്യത്തിൽ പ്രവേശിക്കുകയും, ഇപ്പോൾ മുതൽ അവന്റെ രാജ്യത്തിൽ മാത്രം ഒരു പൗരനായി ജീവിക്കുക.

നിങ്ങൾ പ്രവേശിക്കുന്നില്ലെങ്കിൽ ക്രിസ്തുവിന്റെ സഭ നിങ്ങൾക്കു വിലയുള്ളതാക്കുന്നില്ല.

## പഠനചോദ്യങ്ങൾ

(*അനുബന്ധങ്ങൾ 1 ലെ ഉത്തരങ്ങൾ*)

1. കർത്താവിന്റെ സഭയുടെ അതുല്യമായ വില വിശദമാക്കുക.
2. മഹത്തായ ആജ്ഞയിലെ നിബന്ധനകൾ ഇന്നു ക്രിസ്ത്യാനികളെ ബാധിക്കുന്നുണ്ടോ?
3. ക്രൂശിലെ കള്ളൻ അന്ന് രക്ഷിക്കപ്പെട്ടതുപോലെ നമുക്ക് എന്തുകൊണ്ട് ഇന്നു രക്ഷിക്കപ്പെടാൻ കഴികയില്ല?

4. ഇന്ന് ഒരാൾക്ക് എങ്ങനെ ക്രിസ്തുവിന്റെ സഭയിൽ അംഗമാകാം?
5. രക്ഷിക്കപ്പെടുന്നവരെ സഭയിലേക്കു മനുഷ്യരാണോ ചേർക്കുന്നത്?
6. പ്രവൃത്തികളുടെ പുസ്തകത്തിൽ ദൈവത്തിന്റെ ഇഷ്ടം ചെയ്തു ക്രിസ്ത്യാനികളായി തീർന്നതു രേഖപ്പെടുത്തിയിരിക്കുന്നതു ഇന്ന് ആരെങ്കിലും അതു അവ്വണ്ണം ചെയ്താൽ ക്രിസ്ത്യാനികളാകും എന്നതു വിശ്വാസയോഗ്യമോ?
7. ക്രിസ്തുവിന്റെ സഭയിലാണെന്ന് എങ്ങനെ തീർച്ചപ്പെടുത്താം?
8. കർത്താവിന്റെ രക്ഷാ നിബന്ധനകളിൽ മായം കലർത്തിയാൽ, അതു വലിയ കുഴപ്പമാണോ?

## വാക്ക് സഹായങ്ങൾ

**യേശുവിന്റെ അവസാന ഉടമ്പടിയും നിയമവും** – പുതിയ നിയമം (എബ്രായർ 9:15–17).

**പ്രത്യേകമായ** – വ്യത്യസ്തമായ; വേർതിരിച്ച. 1 പത്രൊസ് 2:9 ക്രിസ്ത്യാനികളെപ്പറ്റി പറയുന്നു, “നിങ്ങളോ അന്ധകാരത്തിൽ നിന്നു തന്റെ അത്ഭുത പ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാന്തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിത വർഗ്ഗവും, വിശുദ്ധ വംശവും, സ്വന്തജനവും; ആകുന്നു”.

---

കുറിപ്പുകൾ

[1]ചില കയ്യെഴുത്തു പ്രതികളിൽ വായിക്കുന്നതു ഇവിടെ “ളീ്യ” എന്നതിനു പകരം “മിറ”എന്നാണ്. [2]പ്രവൃത്തികൾ 8 ന്റെ വാക്യം 37-ൽ പ്രവൃത്തികളുടെ പുസ്തകങ്ങളുടെ മറ്റേതൊരു കയ്യെഴുത്തു പ്രതികളിലും ഇല്ല. ഇതു വ്യക്തമാകുന്നത് ആരംഭ പുതിയ നിയമത്തിന്റെ ഭാഗമായി ഇതില്ലായിരുന്നു എന്നാണ്. അതു ശരിയായിരിക്കാം, എങ്ങനെയായാലും, ഈ വാക്യത്തിലെ നയിക്കുന്ന ഫിലിപ്പൊസിന്റെ പ്രസ്താവന ഈ സന്ദർഭത്തിൽ ഉയർന്നു നിൽക്കുന്നു. ഐത്യോപ്യൻ ഷണ്ഡൻ ക്രിസ്തുവിനെ കുറിച്ചോ പ്രവാചകർ ആരെകുറിച്ചു പറയുന്നു എന്നോ അറിഞ്ഞിരുന്നില്ല. പിന്നെ, ക്രിസ്തുവിനെക്കുറിച്ചുള്ള ഒരു സംഭാഷണ ശേഷം, ഷണ്ഡൻ സ്നാനപ്പെടുവാൻ ആഗ്രഹിച്ചു. അതുകൊണ്ട്, പ്രസ്താവന “നീ ഹൃദയപൂർവ്വം വിശ്വസിക്കുന്നു, എങ്കിൽ” എന്നതു തികച്ചും അനുയോജ്യവും സ്നാനത്തിന്റെ ഒരുക്കത്തിൽ നിന്നു അതിനെ മാറ്റിനിർത്താവുന്നതും അല്ല. ദൈവപുത്രനെ ഏറ്റു പറയുന്നത് വിശ്വാസം ഉറപ്പിക്കുന്നതും മഹത്തായ ആജ്ഞയിലെ വ്യവസ്ഥകളിൽ വിശ്വാസം വളർത്തുന്നതുമാണ്.

## പ്രവൃത്തികളുടെ പുസ്തകത്തിലെ പരിവർത്തന ഉദാഹരണങ്ങൾ

| കേട്ടു | വിശ്വസിച്ചു | മാനസാന്തരപ്പെട്ടു | ഏറ്റു പറഞ്ഞു | സ്നാനമേറ്റു | രക്ഷിക്കപ്പെട്ടു |
|---|---|---|---|---|---|
| **യെഹൂദന്മാർ പ്രവൃത്തികൾ 2** | "അവർ ഹൃദയത്തിൽ കുത്തുകൊണ്ടവരായി" (വാ. 37) | "മാനസാന്തരപ്പെടുക" (വാ. 38) | | "സ്നാനമേൽക്കുക" (വാ. 38); "സ്നാന മേറ്റു" (വാ. 41) | "പാപങ്ങളുടെ മോചനത്തിന്" (വാ. 38) |
| **ശമര്യക്കാർ പ്രവൃത്തികൾ 8** | "അവർ വിശ്വസി ച്ചപ്പോൾ" (വാ. 12) | | | "അവർ സ്നാനം ഏറ്റു" (വാ. 12) | |
| **ഐത്യോപ്യൻ പ്രവൃത്തികൾ 8** | ["നിങ്ങൾ വിശ്വസി ക്കുന്നുവെങ്കിൽ"] (വാ. 37) | | ["യേശു ദൈവ പുത്രൻ ആണെന്നു ഞാൻ വിശ്വസിക്കുന്നു" (വാ. 37)] | "സ്നാനം ഏറ്റു" (വാ. 36); "അവൻ അവനെസ്നാനം ഏല്പിച്ചു" (വാ. 38) | "അവൻസന്തോഷിച്ച് തന്റെ വഴിക്കു പോയി" (വാ. 39) |
| **ശൗൽ പ്രവൃത്തികൾ 9; 22; 26** | | ഉപവാസവും പ്രാർത്ഥ നയും (9:9, 11) | "കർത്താവേ" (9:5) | "സ്നാനമേറ്റു" (9:18); അവൻ സ്നാനം ഏറ്റു (22:16) | "പാപങ്ങളെ കഴുകിക്കളക" (22:16) |
| **കൊർന്നെല്യോസ് പ്രവൃത്തികൾ 10; 11** | "അവനിൽ വിശ്വസിച്ചു" (10:43) | "ജീവങ്കലേക്കുള്ള മാനസാന്തരം" (11:18) | | "സ്നാനം ഏറ്റു" (10:47); "സ്നാനം കഴിപ്പിക്കുവാൻ ... കല്പിച്ചു" (10:48) | "പാപമോചനം" (10:43) |
| **ലുദിയ പ്രവൃത്തികൾ 16** | | | | "സ്നാനമേറ്റു" (വാ. 15) | |
| **കാരാഗൃഹപ്രമാണി പ്രവൃത്തികൾ 16** | "കർത്താവായയേശുവിൽ വിശ്വസിക്ക" (വാ. 31); "വിശ്വസിച്ചു" (വാ. 34) | "അവരുടെ മുറിവുകളെ കഴുകി" (വാ. 33) | | "സ്നാനമേറ്റു" (വാ. 33) | "നീ രക്ഷിക്കപ്പെടും" (വാ. 31); "വലുതായി സന്തോഷിച്ചു" (വാ. 34) |
| **കൊരിന്ത്യർ പ്രവൃത്തികൾ 18** | "വിശ്വസിച്ചു കൊണ്ട്" (വാ. 8) | | | "സ്നാനം ... ഏറ്റു" (വാ. 8) | |